സ്വകാര്യ ആയുർവേദ കോളേജുകളിലെ അദ്ധ്യാപകരുടെ ശമ്പളം

* 706 [761] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആയുർവ്വേദ കോളേജുകളിലെ അദ്ധ്യാപകർക്ക് ഗവൺമെന്റ് ശമ്പളം നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ നൽകുവാനുദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഇല്ല.

(ബി) സ്വകാര്യ ആർട്ട്സ് ആൻറ് സയൻസ് കോളേജുകളിലെപ്പോലെ സ്വകാര്യ ആയുർവ്വേദ ഹോമിയോ കോളേജുകളിലെ അദ്ധ്യാപകർക്കും ഇതര ജീവനക്കാർക്കും ഗവൺമെൻറ് നേരിട്ട് ശമ്പളം നൽകണമെന്ന് പ്രസ്തുത ജീവനക്കാരുടെ വിവിധ സംഘടനകളും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം ഗവൺമെൻറ് പരിശോധിച്ചുവരികയാണ്.

ആയുർവേദ വകുപ്പിലെ മെഡിക്കൽ ആഫീസർമാർ

* 707 [763] ശ്രീ. സി. വാസുദേവമേനോൻ:
,, പി. ആർ. ശിവൻ:
,, എൻ. സുബ്രഹ്മണ്യ ഷേണായ്:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന ആയുർവേദവകുപ്പിൽ ആകെ എത്ര മെഡിക്കൽ ആഫീസർമാർ ഉണ്ട്;

(ബി) സീനിയർ മെഡിക്കൽ ഓഫീസേഴ്സും മെഡിക്കൽ ഓഫീസേഴ്സും തമ്മിലുള്ള റേഷ്യോ 1:4 ആക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ട് ഗവൺമെൻറ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നാണ്;

(ഡി) ഇതിൻറെ അടിസ്ഥാനത്തിൽ റേഷ്യോ പരിപാലിക്കത്തക്കവിധത്തിൽ പ്രമോഷൻ നൽകിയിട്ടുണ്ടോ;

(ഇ) ഇതനുസരിച്ച് എത്ര പേരെ പ്രമോട്ട് ചെയ്തു;

(എഫ്) ഇനിയും ബാക്കി എത്ര പേർ പ്രമോട്ടുചെയ്യപ്പെടാനുണ്ട്.

(ജി) 1 : 4 റേഷ്യോ നിലവിൽവരത്തക്കവിധത്തിൽ പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ;

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) മെഡിക്കൽ ആഫീസർ (ആയു.) .. 422
സീനിയർ മെഡിക്കൽ ആഫീസർ (ആയു.) .. 100
ചീഫ് മെഡിക്കൽ ആഫീസർ (ആയു.) .. 6
ആകെ 528

(ബി) ഉണ്ട്

(സി) ജി. ഒ. എം. എച്ച്. നമ്പർ 192/77/എഫ്. ഡി. പ്രകാരം 20-8-1977-ൽ

LIBRARY ARCHIVES Kerala Legislative Assembly